# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 950 — 20.03.2013-ൽ മറുപടിയ്ക്ക്

## ബി. ആർ.ഡി.സി. കേന്ദ്രീകരിച്ചുള്ള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ (ബി.ആർ.ഡി.സി) കേന്ദ്രീകരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 1) ബി.ആർ.ഡി.സി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ബംഗാട്) പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി<br><br>2) പദ്ധതി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 11 കെവി ഫീഡർ ലൈൻ ഉദുമയിലേക്ക് വലിക്കുന്ന പണികൾ നടന്നു വരുന്നു.<br><br>3) ബേക്കലിന് സമീപമുള്ള തച്ചങ്ങാട് എന്ന സ്ഥലത്ത് ഒരു കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി 4,43,75,227/- രൂപ അനുവദിച്ചിട്ടുണ്ട്.<br>4) ബിആർഡിസി-യെ ഏൽപ്പിച്ച ഉദുമ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാം നിലയുടെ പണി പൂർത്തീകരിച്ചു.<br><br>5) ബേക്കൽ ബീച്ച് പാർക്ക് റോഡ്, ബീച്ച് പാർക്കിങ്ങ് ഏരിയ റീ ടാറിംഗ് നടത്തി.<br>6) ജോയ്സ് എന്റർപ്രൈസസിന് കൈമാറിയ കൊളവയലിലുള്ള |

റിസോർട്ട് സൈറ്റിലേക്കുള്ള റോഡ് റിപ്പയറിംഗ് ചെയ്തു

7) കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ റിപ്പയർ ചെയ്തു.

8) ബീച്ച് പാർക്കിൽ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തു

9) പള്ളിക്കര പഞ്ചായത്തിൽ 200 തെരുവ് വിളക്കുകൾ സ്ഥാപിച്ചു.

10) തണൽവിശ്രമ കേന്ദ്രത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി 100 കെ വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

11) പള്ളിക്കര പഞ്ചായത്തിന്റെ സഹകരണത്തോടു കൂടി വെളുത്തോളിയിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

12) ബേക്കലിനെ കൂടുതൽ അറിയുവാൻ വേണ്ടി ട്രാവൽ, ടൂർ, മാധ്യമ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് "Know Bakel" പരിപാടി സംഘടിപ്പിച്ചു.

13) മംഗലാപുരം വിമാനത്താവളത്തിൽ ഇൻഫർമേഷൻ കിയോസ്ക് ആരംഭിച്ചു.

14) ബിആർഡിസി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് 10,000,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകാൻ തീരുമാനമായി.

| | |
|---|---|
| (ബി) ബി.ആർ.ഡി.സി യുടെ ആസ്ഥാനം കാസർഗോഡ് നിന്ന് മാറ്റുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ